ഇ4-13369/15

ജയിൽ ആസ്ഥാന കാര്യാലയം,
തിരുവനന്തപുരം,
തീയതി:13/07/2016.

## സർക്കുലർ

വിഷയം :- ജയിലുകൾ - ജീവനക്കാര്യം - വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ പ്രൊപ്പോസൽ അയയ്ക്കുന്നത് - സംബന്ധിച്ച്.

ജയിൽ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ പ്രൊപ്പോസൽ ജീവനക്കാരൻ വിരമിക്കുന്നതിന് 6 മാസം മുമ്പ് ബന്ധപ്പെട്ട ഓഫീസിൽ കൊടുക്കേണ്ടതും ആയത് ആസ്ഥാനകാര്യാലയത്തിലേയ്ക്ക് അയയ്ക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തനിക്കു ലഭിക്കുന്ന അപേക്ഷയിൽ ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അപര്യാപ്തമായവ ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. പര്യാപ്തമായ അപേക്ഷകൾ 2 ദിവസത്തിനകം ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി, ബന്ധപ്പെട്ടവർക്ക് നൽകി അനന്തര നടപടികൾ സ്വീകരിച്ചതിനുശേഷം, ആസ്ഥാനകാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ഇക്കാര്യത്തിൽ എല്ലാ ജയിൽസ്ഥാപന മേധാവികളും സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺ &**
**കറക്ഷണൽ സർവ്വീസസിനുവേണ്ടി**

<u>പകർപ്പ്</u>:- എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

TN